**File No.CT/15318/2019-P2**

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

**ടാക്സ്ടവർ, കരമന**
**കിള്ളിപ്പാലം, തിരുവനന്തപുരം**
**തീയതി: 01/07/2021**

## പത്രക്കുറിപ്പ്

### ജി.എസ്.റ്റി –3 ബി റിട്ടേണിലെ ലേറ്റ്ഫീ ഇളവുകൾ ആഗസ്റ്റ് 31 വരെ

***കേരളത്തിലെ 50000 ത്തോളം വ്യാപാരികൾക്ക് ഗുണം ലഭിക്കും***

തിരുവനന്തപുരം: കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് 2017 ജൂലൈ മുതൽ 2021 ഏപ്രിൽ വരെ സമർപ്പിക്കാൻ കുടിശ്ശികയുള്ള ജി.എസ്.റ്റി –3 ബി റിട്ടേണുകളിൽ പ്രഖ്യാപിച്ച ലെറ്റ്ഫീ ഇളവുകൾ ആഗസ്റ്റ് 31 വരെ ലഭ്യമാകും .

ജൂലൈ 2017 മുതൽ ഏപ്രിൽ 2021 വരെയുള്ള കാലയളവിലേക്ക് സമർപ്പിക്കാനുള്ള റിട്ടേണുകൾക്കാണ് ലേറ്റ്ഫീ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഈ കാലയളവിൽ 'നിൽ' റിട്ടേൺ സമർപ്പിക്കേണ്ട നികുതിദായക്കർക്ക് ലേറ്റ് ഫീയായി പ്രതിമാസം പരമാവധി 500/- രൂപ മാത്രം അടച്ചാൽ മതിയാകും. എന്നാൽ മുൻ സാമ്പത്തിക വർഷം 1.5 (ഒന്നര) കോടി വരെ വിറ്റുവരവുള്ള നികുതിദായകർക്ക് പ്രതിമാസം പരമാവധി 2000 രൂപയും, 1.5 (ഒന്നര) കോടിക്ക് മുകളിൽ 5 കോടി വരെ വിറ്റുവരവുള്ളവർക്ക് പ്രതിമാസം പരമാവധി 5000/- രൂപയും ലേറ്റ്ഫീയായി അടച്ച് റിട്ടേൺ സമർപ്പിക്കാനാകും.

ജി.എസ്.റ്റി രജിസ്ട്രേഷൻ എടുത്ത ശേഷം വിവിധ കാരണങ്ങളാൽ റിട്ടേൺ സമർപ്പിക്കാൻ കഴിയാതിരിക്കുന്ന 50000ത്തോളം നികുതിദായകർക്ക് സഹായകരമാകുന്നതാണ് ഈ ലേറ്റ് ഫീ ഇളവ്. വലിയ ലേറ്റ്ഫീ കുടിശ്ശിക മൂലം റിട്ടേൺ

# File No.CT/15318/2019-P2

സമർപ്പിക്കാൻ കഴിയാതിരുന്ന വ്യാപാരികൾക്ക് ഇനി ചെറിയ തുക മാത്രം ലേറ്റ്ഫീയായി അടച്ച് റിട്ടേൺ സമർപ്പിക്കാനാകും .

കേന്ദ്ര നോട്ടിഫിക്കേഷൻ 19/2021 പ്രകാരമാണ് ലേറ്റ് ഫീയിലെ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത് .ജി.എസ്.റ്റി – 3 ബി റിട്ടേണുകൾ സമർപ്പിക്കാനുള്ള വ്യാപാരികൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മിഷണർ അറിയിച്ചു.

**ലേറ്റ്ഫീ ഇളവിലൂടെ ജി.എസ്.റ്റി – 3 ബി റിട്ടേൺ സമർപ്പിക്കാനുള്ള വ്യാപാരികൾക്ക് ലഭിക്കുന്ന നേട്ടം ചുവടെ:-**

| **മുൻ വർഷം 12 (പന്ത്രണ്ട്) ജി.എസ്.റ്റി – 3 ബി റിട്ടേൺ സമർപ്പിക്കാനുള്ള വ്യാപാരിക്ക് ഇളവ് എങ്ങനെ ?** | | | |
|---|---|---|---|
| **നമ്പർ** | **വിറ്റുവരവ്** | **നിലവിലെ പരമാവധി ലേറ്റ്ഫീ** | **ഇളവിന് ശേഷമുള്ള ലേറ്റ് ഫീ** |
| 1 | വിറ്റുവരവ് ഇല്ല (Nil Return) | 12 * 10,000 = 1,20,000 | 12 * 500 = **6,000** |
| 2 | മുൻവർഷം 1.5 (ഒന്നര ) കോടിയിൽ താഴെ വിറ്റുവരവ് (ഒന്നാമത്തെ മാനദണ്ഡത്തിൽ ഉൾപ്പെടാത്തവർ) | 12 * 10,000 = 1,20,000 | 12 * 2000= **24,000** |
| 3 | മുൻവർഷം 1.5 (ഒന്നര ) കോടി മുതൽ 5 കോടി വരെ വിറ്റുവരവ് (ഒന്നാമത്തെ മാനദണ്ഡത്തിൽ ഉൾപ്പെടാത്തവർ) | 12 * 10,000 = 1,20,000 | 12 * 5000 = **60,000** |

Sd/-

COMMISSIONER